# മഹാത്മാഗാന്ധി സർവ്വകലാശാല

**കെ.എൻ. വേണുഗോപാലൻ കർത്ത**
പബ്ലിക് റിലേഷൻസ് ഓഫീസർ
ഫോൺ: 0481 - 2731020, 2732650
മൊബൈൽ: 9846720402

പി.ആർ.ഒ./39/145/2018 2018 ജൂലൈ 6

## പത്രക്കുറിപ്പ്

**പരീക്ഷകൾ മാറ്റിവച്ചു**

ജൂലൈ 11, 13 തീയതികളിൽ നടത്തുവാൻ നിശ്ചയിച്ചിരുന്ന രണ്ടാം സെമസ്റ്റർ എം.എ./ എം.എസ്.ഡബ്ല്യു./എം.സി.ജെ./എം.റ്റി.എ./എം.എസ്.സി./എം.കോം (സി.എസ്.എസ്. 2017 അഡ്മിഷൻ റഗുലർ, 2014, 2015 & 2016 അഡ്മിഷൻ ഇംപ്രൂവ്മെന്റ്/സപ്ലിമെന്ററി, 2012, 2013 അഡ്മിഷൻ മേഴ്സി ചാൻസ്) പരീക്ഷകൾ യഥാക്രമം ജൂലൈ 26, 31 തീയതികളിൽ നടത്തുന്നതിനായി പുതുക്കി നിശ്ചയിച്ചു. മറ്റ് പരീക്ഷകൾക്ക് മാറ്റമില്ല. വിശദമായ ടൈംടേബിൾ സർവ്വകലാശാലാ വെബ് സൈറ്റിൽ ലഭ്യമാണ്.

**എയ്ഡഡ് കോളേജുകളിലെ അദ്ധ്യാപക ജോലി നിർണ്ണയ അദാലത്ത്**

സർക്കാർ ഉത്തരവനുസരിച്ച് സർവ്വകലാശാലയുമായി അഫിലിയേറ്റ് ചെയ്തിട്ടുള്ള സ്വകാര്യ എയ്ഡഡ് കോളേജുകളിലെ അദ്ധ്യാപക ജോലിഭാരവും തസ്തിക നിർണ്ണയവും സംബന്ധിച്ച അദാലത്ത് നടത്തുന്നതിന്റെ കൂടിയാലോചനായോഗം സർവ്വകലാശാലാ രജിസ്ട്രാർ ശ്രീ. എം.ആർ. ഉണ്ണിയുടെ അദ്ധ്യക്ഷതയിൽ സർവ്വകലാശാലാ ഓഫീസിൽ കൂടുകയുണ്ടായി. യോഗത്തിൽ സർവ്വകലാശാലാ സിൻഡിക്കേറ്റ് അംഗങ്ങളായ ഡോ. പി.കെ. പദ്മകുമാർ, ശ്രീ. വി.എസ്. പ്രവീൺ കുമാർ, കോളേജ് വിദ്യാഭ്യാസ വകുപ്പ് കോട്ടയം, എറണാകുളം ഡെപ്യൂട്ടി ഡയറക്ടർമാരായ ഡോ. മാത്യു ജോർജ്, ഡോ. അജിത പി.എസ്. എന്നിവരും പങ്കെടുക്കുകയുണ്ടായി.

പ്രസ്തുതയോഗത്തിൽ താഴെപ്പറയുംപ്രകാരം അദാലത്ത് നടത്തുന്നതിന് നിശ്ചയിച്ചു.

ഓരോ എയ്ഡഡ് കോളേജിലും അദാലത്ത് നടത്തി അദ്ധ്യാപക ജോലിഭാരവും തസ്തിക നിർണ്ണയവും നടത്തുന്നതാണ്. അതിലേക്കായി സർവ്വകലാശാലയിലേയും കോളേജ് വിദ്യാഭ്യാസ വകുപ്പിലേയും ജീവനക്കാർ ഉൾപ്പെടുന്ന സംഘങ്ങൾ കോളേജുകൾ സന്ദർശിക്കുന്നതാണ്. ജൂലൈ 16 മുതൽ അദാലത്ത് ആരംഭിക്കും. നിശ്ചിത സമയത്തിനകം തന്നെ അദാലത്ത് പൂർത്തീകരിക്കുന്നതിനായി രണ്ടു സംഘങ്ങളെ കോളേജുകൾ സന്ദർശിക്കുന്നതിന് നിയോഗിക്കുന്നതാണ്. അദാലത്ത് ടീമിന്റെ സന്ദർശന വിവരം കോളേജുകളെ പ്രത്യേകമായി അറിയിക്കുന്നതാണ്. അദ്ധ്യാപക ജോലിഭാരവും തസ്തിക നിർണ്ണയവുമായി ബന്ധപ്പെട്ട രേഖകളും രജിസ്റ്ററുകളും മുൻകൂട്ടി കോളേജുകൾ തയ്യാറാക്കി വയ്ക്കേണ്ടതും അർദ്ധ വാർഷിക റിപ്പോർട്ടും, സർവ്വകലാശാല നിശ്ചയിക്കുന്ന മാതൃകയിലുള്ള വിശദാംശങ്ങൾ ഹാർഡ് കോപ്പിയായും സോഫ്റ്റ് കോപ്പിയായും അദാലത്തിന് മുൻപായി കോളേജുകൾ സർവ്വകലാശാലയിൽ സമർപ്പിക്കേണ്ടതാണ്. അദാലത്ത് വിജയകരമായി നടപ്പിലാക്കുന്നതിന് എല്ലാ കോളേജുകളും സഹകരിക്കേണ്ടതാണ്.

**എം.ജി. ഡിഗ്രി ഏകജാലകം: മൂന്നാം അലോട്ട്മെന്റ്: ഓപ്ഷനുകൾ ജൂലൈ 8 മുതൽ 9 വരെ പുനഃക്രമീകരിക്കാം**

മഹാത്മാഗാന്ധി സർവ്വകലാശാലാ ഏകജാലകം വഴിയുള്ള ഡിഗ്രി പ്രവേശനത്തിനുള്ള രണ്ടാംഘട്ട അലോട്ട്മെന്റ് ലഭിച്ച അപേക്ഷകർ ഓൺലൈനായി സർവ്വകലാശാലാ അക്കൗണ്ടിൽ വരേണ്ട ഫീസടച്ച് അലോട്ട്മെന്റ് മെമ്മോയുടെ പ്രിന്റൗട്ട് എടുത്ത് യോഗ്യത തെളിയിക്കുന്ന അസ്സൽ സാക്ഷ്യപത്രങ്ങൾ സഹിതം ജൂലൈ 7ന് വൈകീട്ട് 4.30 നകം അലോട്ട്മെന്റ് ലഭിച്ച കോളേജിൽ ഹാജരായി പ്രവേശനം നേടേണ്ടതാണ്. ജൂലൈ 7നകം ഫീസ് ഒടുക്കാത്തവരുടെയും ഫീസൊടുക്കിയശേഷം കോളേജിൽ പ്രവേശനം നേടാത്തവരുടെയും അലോട്ട്മെന്റ് റദ്ദാകുന്നതാണ്. തുടർന്നുള്ള അലോട്ട്മെന്റിലേക്ക് ഇവരെ പരിഗണിക്കുന്നതല്ല.

അപേക്ഷകൻ തനിക്ക് ലഭിച്ച അലോട്ട്മെന്റിൽ സംതൃപ്തനാണെങ്കിൽ തുടർ അലോട്ട്മെന്റിൽ പരിഗണിക്കപ്പെടാതിരിക്കാനായി അവശേഷിക്കുന്ന ഹയർ ഓപ്ഷനുകൾ റദ്ദാക്കേണ്ടതോ

സ്ഥിരപ്രവേശം നേടേണ്ടതോ ആണ്. ഉയർന്ന ഓപ്ഷനുകൾ നിലനിർത്തിയാൽ തുടർന്നുള്ള അലോട്ട്മെന്റിൽ മാറ്റം വന്നേക്കാം. ഇപ്രകാരം മാറ്റം ലഭിക്കുന്നപക്ഷം പുതിയ അലോട്ട്മെന്റ് നിർബന്ധമായും സ്വീകരിക്കേണ്ടതാണ്. ആദ്യം ലഭിച്ച അലോട്ട്മെന്റ് നഷ്ടപ്പെടുകയും ചെയ്യും. എന്നാൽ ഇപ്രകാരം മാറ്റം ലഭിക്കുന്നവർ ബാങ്കിൽ പുതുതായി ഫീസൊടുക്കേണ്ടതില്ല. ഒന്നാം ഓപ്ഷനിൽ അലോട്ട്മെന്റ് ലഭിച്ച എല്ലാവരുംതന്നെ ജൂലൈ 7നകം പ്രവേശനം ലഭിച്ച കോളേജുകളിൽ പ്രവേശനം നേടാത്തപക്ഷം അവരുടെ അലോട്ട്മെന്റ് റദ്ദാക്കപ്പെടുന്നതാണ്.

ജൂലൈ 8 മുതൽ ജൂലൈ 9 വരെ ഓപ്ഷനുകൾ പുനഃക്രമീകരിക്കുന്നതിനുള്ള സൗകര്യം ലഭ്യമാണ്. ഹയർ ഓപ്ഷനുകൾ നിലനിർത്തുവാൻ ആഗ്രഹിക്കുന്ന അപേക്ഷകർ ഒഴികെയുള്ളവർ കോളേജുകളിൽ നിശ്ചിത ട്യൂഷൻ ഫീസ് ഒടുക്കി സ്ഥിര പ്രവേശനം ഉറപ്പുവരുത്തേണ്ടതാണ്. ഒന്നും രണ്ടും അലോട്ട്മെന്റുകളിലൂടെ സ്ഥിരപ്രവേശം നേടിയവർ ഹയർ ഓപ്ഷനുകൾ റദ്ദാക്കേണ്ടതില്ല. നിലവിൽ അലോട്ട്മെന്റ് ലഭിച്ചവർ ഹയർ ഓപ്ഷനുകൾ നിലനിർത്താൻ ആഗ്രഹിക്കുന്നപക്ഷം അലോട്ട്മെന്റ് ലഭിച്ച കോളേജിൽ താല്ക്കാലികമായി പ്രവേശനം നേടേണ്ടതാണ്. എന്നാൽ, ഒന്നാം അലോട്ട്മെന്റിൽ ലഭിച്ച അലോട്ട്മെന്റ് സ്റ്റാറ്റസ് തന്നെയാണ് രണ്ടാം അലോട്ട്മെന്റിലും കാണിക്കുന്നതെങ്കിൽ അതേ കോളേജിൽ തന്നെ പ്രവേശനത്തിനായി വീണ്ടും റിപ്പോർട്ട് ചെയ്യേണ്ടതില്ല.

വിവിധ പ്രോഗ്രാമുകളിലേക്കുള്ള ഫീസ് സംബന്ധിച്ച ഉത്തരവുകൾ www.cap.mgu.ac.in എന്ന വെബ്സൈറ്റിൽ ലഭ്യമാണ്. സർവ്വകലാശാല നിഷ്ക്കർഷിച്ചിരിക്കുന്നതിനേക്കാൾ കൂടുതൽ ഫീസ് ഈടാക്കുന്ന കോളേജുകൾക്കെതിരെ ഉചിതമായ ശിക്ഷാ നടപടികൾ സ്വീകരിക്കുന്നതായിരിക്കും.

**പി.എച്ച്.ഡി. പ്രവേശനം**

മഹാത്മാഗാന്ധി സർവ്വകലാശാല 2018-19 അക്കാദമിക വർഷത്തേയ്ക്കുള്ള പി.എച്ച്.ഡി. പ്രവേശനത്തിന് അപേക്ഷകൾ ക്ഷണിച്ചു. അപേക്ഷകൾ ജൂലൈ 31 വരെ ഓൺലൈനായി സമർപ്പിക്കാം. വിശദവിവരങ്ങൾ www.mgu.ac.in എന്ന വെബ്സൈറ്റിൽ ലഭ്യമാണ്.

**സംവരണ സീറ്റൊഴിവ്**

മഹാത്മാഗാന്ധി സർവ്വകലാശാലാ സ്കൂൾ ഓഫ് ഇന്റർനാഷണൽ റിലേഷൻസ് ആന്റ് പൊളിറ്റിക്സിൽ എം.എ. പൊളിറ്റിക്സ് ആന്റ് ഹ്യൂമൻ റൈറ്റ്സ് കോഴ്സിൽ എസ്.സി. വിഭാഗത്തിൽ ഒന്നും, പൊളിറ്റിക്സ് - പബ്ലിക് പോളിസി ആന്റ് ഗവേഷണൻസ് കോഴ്സിൽ എസ്.സി., എസ്.ടി. വിഭാഗങ്ങളിൽ ഒന്നുവീതം സീറ്റൊഴിവുണ്ട്. യോഗ്യരായ വിദ്യാർത്ഥികൾ ജൂലൈ 12ന് രാവിലെ 10ന് അസ്സൽ സർട്ടിഫിക്കറ്റുകൾ സഹിതം പഠനവകുപ്പിൽ ഹാജരാകണം.

**വൈവാവോസി**

നാലാം സെമസ്റ്റർ എം.എസ്.സി. ഇലക്ട്രോണിക്സ് കോഴ്സിന്റെ ലാബ്, പ്രോജക്ട് ഇവാല്യുവേഷൻ, വൈവാവോസി പരീക്ഷകൾ ജൂലൈ 9, 10 തീയതികളിൽ അതാത് കോളേജുകളിൽ വച്ച് നടത്തും.

നാലാം സെമസ്റ്റർ എം.എ. മലയാളം (റഗുലർ/സപ്ലിമെന്ററി) ജൂൺ 2018 പരീക്ഷയുടെ പ്രോജക്ട് മൂല്യനിർണ്ണയവും വൈവാവോസിയും ജൂലൈ 18 മുതൽ വിവിധ കേന്ദ്രങ്ങളിൽ നടക്കും. വിശദമായ ടൈംടേബിൾ സർവ്വകലാശാലാ വെബ്സൈറ്റിൽ ലഭ്യമാണ്.

**പരീക്ഷാഫലം**

സ്കൂൾ ഓഫ് ഇന്ത്യൻ ലീഗൽ തോട്ടിൽ 2017 ഒക്ടോബർ മാസത്തിൽ നടത്തിയ രണ്ടാം സെമസ്റ്റർ ബി.ബി.എ. എൽ.എൽ.ബി. (ഓണേഴ്സ്/പഞ്ചവത്സരം - റഗുലർ & സപ്ലിമെന്ററി) പരീക്ഷയുടെ ഫലം പ്രസിദ്ധപ്പെടുത്തി. പുനർമൂല്യനിർണ്ണയത്തിനും സൂക്ഷ്മപരിശോധനയ്ക്കും ജൂലൈ 17 വരെ അപേക്ഷിക്കാം.

2017 മാർച്ച് മാസത്തിൽ നടത്തിയ ആറാം സെമസ്റ്റർ ബി.എ. മോഡൽ - 3 വിഷ്വൽ കമ്മ്യൂണിക്കേഷൻ (സി.ബി.സി.എസ്.എസ്. - 2014 അഡ്മിഷൻ റഗുലർ) പരീക്ഷയുടെ ഫലം പ്രസിദ്ധപ്പെടുത്തി. പുനർമൂല്യനിർണ്ണയത്തിനും സൂക്ഷ്മപരിശോധനയ്ക്കും ജൂലൈ 20 വരെ അപേക്ഷിക്കാം.

2017 ഡിസംബർ മാസത്തിൽ നടത്തിയ മൂന്നാം സെമസ്റ്റർ എം.എസ്.സി. ക്ലിനിക്കൽ ന്യൂട്രീഷൻ ആന്റ് ഡയറ്ററ്റിക്സ് (റഗുലർ & സപ്ലിമെന്ററി), എം.എസ്.സി. ഓപ്പറേഷൻസ് റിസർച്ച് ആന്റ് കമ്പ്യൂട്ടർ ആപ്ലിക്കേഷൻസ് (റഗുലർ) എന്നീ പരീക്ഷകളുടെ ഫലം പ്രസിദ്ധപ്പെടുത്തി. പുനർമൂല്യനിർണ്ണയത്തിനും സൂക്ഷ്മപരിശോധനയ്ക്കും ജൂലൈ 19 വരെ അപേക്ഷിക്കാം.

**പബ്ലിക് റിലേഷൻസ് ഓഫീസർ (ഇൻ ചാർജ്)**